പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5528.

24.05.2017 - ൽ
മറുപടിയ്ക്ക്

പിങ്ക് പോലീസ് കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കാൻ നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പിങ്ക് പോലീസിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ്, നഗരങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് പിങ്ക് പോലീസ് പട്രോൾ. ഇതിലേയ്ക്ക് പ്രത്യേകം പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തിരക്കുള്ള സമയങ്ങളിൽ കെ.എസ്.ആർ.ടി.സി ബസ്സുകളിലും മറ്റ് പ്രൈവറ്റ് ബസ്സുകളിലും യൂണിഫോമിൽ സഞ്ചരിച്ച്, യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് മികച്ച സുരക്ഷ ഉറപ്പാക്കുക, സ്ത്രീകളുടെയും വികലാംഗരുടെയും സീറ്റിലിരുന്ന് യാത്ര ചെയ്യുന്നത് തടയുക, സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും അടിയന്തിര സഹായങ്ങൾ ലഭ്യമാക്കുക, ബസ്സിലും ബസ് സ്റ്റോപ്പുകളിലും പൂവാലശല്യം ഒഴിവാക്കുക തുടങ്ങിയവയാണ് ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ബി) പിങ്ക് പോലീസിംഗ് സംവിധാനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന വെളിപ്പെടുത്തുമോ; | (ബി) പിങ്ക് പോലീസിംഗ് സംവിധാനത്തിലൂടെ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളിൽ നൂതന സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുള്ള ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ സംവിധാനം നിലവിലുള്ള ജില്ലകളിലെ പ്രധാനപ്പെട്ട ബസ് സ്റ്റോപ്പുകൾ, വാണിജ്യമേഖലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, പാർക്കുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പിങ്ക് പട്രോൾ വാഹനങ്ങൾ പട്രോളിംഗ് നടത്തിവരുന്നതും സ്ത്രീ സുരക്ഷയ്ക്ക് ആവശ്യമായ സഹായം നൽകി വരുന്നതുമാണ്. കൂടാതെ ഇവരുടെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥന്മാർ പരിശോധിച്ച് കാര്യക്ഷമമാണോ എന്ന് ഉറപ്പുവരുത്തുന്നുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത സംവിധാനം നിലവിൽ എവിടെയെല്ലാമാണുള്ളത്; ആയത് കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും? | (സി) പിങ്ക് പോലീസിംഗ് സംവിധാനം തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ എന്നി 8 പോലീസ് ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ കൂടി ഈ സംവിധാനം ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

Rajani

സെക്ഷൻ ഓഫീസർ